ശ്രീ. എൻ. കുഞ്ഞുരാമൻ: മൂന്നരണ്ടു സ്ഥലങ്ങളിലേയ്ക്കു് പരസ്യംചെയ്യാനുണ്ടു്. ബാക്കിയെല്ലാം പരസ്യം ചെയ്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡിലിമിറേഷൻ റിപ്പോർട്ടുകളെപ്പറ്റി ആക്ഷേപങ്ങൾ വന്നിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: വന്നിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ആക്ഷേപങ്ങളെപ്പറ്റി എന്തുചെയ്യാനാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആക്ഷേപങ്ങളെപ്പറ്റി പരിഗണിക്കുന്നതാണു്.

മദ്യവർജ്ജനം

* ൭൪൧. (൨൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ മദ്യവർജ്ജനം നടപ്പാക്കിയ താലൂക്കുകൾ ഏതെല്ലാമാണു്;

(ബി) അപ്രകാരം മദ്യവർജ്ജനം നടപ്പാക്കിയ താലൂക്കുകളിൽ എത്ര കേസ്സുകൾ ചാർജ്ജുചെയ്തിട്ടുണ്ടു്;

(സി) അപ്രകാരം ചാർജ്ജുചെയ്ത കേസ്സുകളിൽ മദ്യപിച്ചുകണ്ടതായ എത്ര കേസ്സുകൾ ചാർജ്ജുചെയ്തു;

(ഡി) ആ ചാർജ്ജിൽ ഐക്യസംസ്ഥാനരാജ്യക്കാരല്ലാത്ത എത്രപേർ ഉണ്ടായിരുന്നു;

(ഇ) ഈ ഐക്യസംസ്ഥാനത്തിലെ സർക്കാർ ജീവനക്കാർ വല്ലവരും ആ ചാർജ്ജിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവരുടെ പേരുവിവരങ്ങൾ പറയുവാൻ ദയവുണ്ടാകുമോ;

(ജി) അങ്ങനെ ചാർജ്ജുചെയ്യുവർ ഇപ്പോഴും സർവ്വീസിൽ ഉണ്ടോ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാടു്, ചിറയിൻകീഴു്, ചെങ്കോട്ട, തലപ്പിള്ളി.

(ബി) ൧൭—ൽ— ൧൯൫൦-വരെ വ്യൽവ കേസ്സുകൾ ചാർജ്ജുചെയ്തിട്ടുണ്ടു്.

(സി) ൩ ൭ൽ.

(ഡി) ൧൧൧.

(ഇ) ഉണ്ടു്.

(എഫ്) പൂർണ്ണവിവരങ്ങൾ അടങ്ങിയ ലിസ്റ്റു് മേശമേൽ വച്ചിട്ടുണ്ടു്.

(ജി) ലിസ്റ്റിലെ വ്യാപാരസ്ഥർ ഒഴിച്ചു് ബാക്കിയെല്ലാം ഉണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ചാർജ്ജുചെയ്ത കേസ്സുകൾ ഏതെങ്കിലും ഗവൺമെണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ടു്.

ശ്രീ. മാന്നാർ ഗോപാലൻ നായർ: അതുടെയെല്ലാം കേസ്സുകളാണു് പിൻവലിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: ഒരുകേസ്സ് പിൻവലിച്ചിട്ടുണ്ട്. അതേതാണെന്ന് നിശ്ചയമില്ല.

ശ്രീ. മന്നാർ ഗോപാലൻ നായർ: ആ കേസ്സ് ഏതു സ്ഥലത്തു ചാർജ്ജു ചെയ്തതാണെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: തിരുവനന്തപുരത്താണെന്നാണ് തോന്നുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്നാണു് ആ കേസ്സ് പിൻവലിച്ചതെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: മദ്യനിരോധനമേഖലയിൽ ലഹരിയുള്ള മറ്റു സാധനങ്ങളും മദ്യത്തിനുപകരം ഉപയോഗിച്ചുവരുന്നതായി അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിയാം. ചില ലഹരിയുള്ള സാധനങ്ങളും മദ്യത്തിനുപകരം ഉപയോഗിച്ചുവരുന്നു എന്നറിഞ്ഞിട്ടു് ആ സാധനങ്ങളെ തവ ണ്ടിൽനിന്നും നിരോധിക്കുകയുണ്ടായി. എന്നാൽ അതിനുശേഷം ഇപ്പോൾ വേറെപേരിൽ വേറെ ചില സാധനങ്ങളും ഉപയോഗിച്ചുവരുന്നു എന്നു് അറിയുന്നുണ്ടു്. അതും നിരോധിക്കുന്നതിനു് തവണ്ടിനു നടപടികളും എടുത്തുകൊണ്ടിരിക്കയാണു്.

Sri. N. Daniel Jose: Has the Government launched any prosecution in these cases ?

Sri. N. Kunjuraman: I claim notice.

ശ്രീ. കെ എ. മാത്യു: തിരുവിതാംകൂർ സർവ്വീസിൽ മദ്യപാനംചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടോ?

Mr. Speaker: That question does not arise.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: വിമാനത്തിൽ വന്നിറങ്ങുന്ന ആളുകൾ മദ്യപിച്ചിട്ടുണ്ടോ എന്നു് പരിശോധിക്കാറുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ സംസ്ഥാനത്തിനകത്തു മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ അതെയായാലും പരിശോധിക്കാറുണ്ടു്. മദ്യം കടിക്കുകയോ കൈവശംവച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ആളുകളെ, അവരായാലുംശരി, പരിശോധിച്ചു് നടപടികളും എടുക്കാറുണ്ടു്.

LIST REFERRED TO IN ANSWER TO PART (f)

List of persons in Government service who have been charged for prohibition offence

	Name		*Designation*
1	Narayanan Nair	..	Superintendent, Fisheries Department.
2	M. P. Veloo Pillai	..	Excise Inspector.
3	K. Madhavan Thampi	..	Fishery Inspector.
4	Krishna Pillai	..	Head Constable No. 141.
5	Thomas	..	Police Constable No. 3167.
6	Narayana Menon	..	Clerk, Cranganore Munsiff's Court.
7	Natesan Asari	..	Head Constable No. 2539.
8	N. Krishna Panicker	..	Police Constable No. 1414.
9	Xavier Xavier	..	Clerk in the Police Department.
10	Adimakutty	..	Police Constable No. 2706,
11	Sabjee Sahib Hameed Sahib	..	Police Constable, Cochin Harbour Police Station.

LIBRARY ARCHIVES Kerala Legislative Assembly